(സി) പിറവം കേന്ദ്രമായി താലൂക്ക് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) എറണാകുളം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ താലൂക്കുകൾ വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിച്ചു വരുന്നു. ഏതൊക്കെ താലൂക്കുകൾ രൂപീകരിക്കണം എന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ഡി) കോലഞ്ചേരി, കുത്താട്ടുകുളം തുടങ്ങിയ താലൂക്കുകൾ വേണമെന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

61 (1618) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളായി പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജുകളായ പുതുകൈ, ബല്ല വില്ലേജുകൾ സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നടപടി പൂർത്തിയാക്കി എത്രയുംവേഗം മേൽപ്പറഞ്ഞ ഗ്രൂപ്പ് വില്ലേജുകൾ സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബല്ല സ്വതന്ത്ര വില്ലേജായി പ്രഖ്യാപിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യഘട്ടമെന്നനിലയിൽ അനുമതി നൽകിയിട്ടുണ്ട്.

കൊടുങ്ങല്ലൂരിൽ ആർ.ഡി.ഒ. ഓഫീസ്

62 (1619) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് പുനഃസംഘടിപ്പിക്കുമ്പോൾ കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു റവന്യൂ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പുനഃസംഘടനാസമയത്ത് കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു ആർ.ഡി.ഒ. ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. റവന്യൂ യൂണിറ്റുകളുടെ വിഭജനം സർക്കാരിന് വളരെയധികം സാമ്പത്തികഭാരം ഉണ്ടാകുന്ന കാര്യമാണ്. എങ്കിലും ഒരു പുനഃസംഘടന നടത്തുന്നകാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. അധികം താമസിക്കാതെതന്നെ ഒരു തീരുമാനമെടുക്കുന്നതാണ്. അപ്പോൾ ഈയാവശ്യവും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മാള നിയോജക മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾ പണിയാൻ നടപടി

63 (1620) ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാള നിയോജകമണ്ഡലത്തിൽ എത്ര വിഭജിച്ച വില്ലേജുകളിൽ വില്ലേജ് ഓഫീസുകൾ പണിയുന്നതിന് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

1. തിരുമുക്കുളം - കാക്കുളിശ്ശേരി
2. ആലത്തൂർ - കുരുവിലശ്ശേരി
3. വടമ - വടക്കുഭാഗം
4. കല്ലേറ്റുകര - താഴെക്കാട്
5. തെക്കുംകര - കാര്യമാത്ര
6. പൊയ്യ - മാളപള്ളിപ്പുറം-മഠത്തുംപടി
7. മഞ്ഞല്ലൂർ - പടിഞ്ഞാറെ ചാലക്കുടി എന്നീ ആറ് ഗ്രൂപ്പ് വില്ലേജാഫീസുകളും ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട പടയൂർ വില്ലേജിലുൾപ്പെട്ട വള്ളിവട്ടം-പടിയൂൽ ഗ്രൂപ്പ് വില്ലേജ് ഓഫീസുമാണ് മാള നിയോജകമണ്ഡലത്തിലുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവ വിഭജിച്ച്

1. തിരുമുക്കുളം
2. വടക്കുംഭാഗം
3. കുരുവിലശ്ശേരി
4. മാളപള്ളിപ്പുറം
5. മഠത്തുംപടി
6. കാര്യമാത്ര
7. പടിയൂർ എന്നീ പുതിയ വില്ലേജ് ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly